# <u>***പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ***</u>

***വിഷയം:–*** ജീവനക്കാര്യം – പഞ്ചായത്ത് വകുപ്പ് – ടൈപ്പിസ്റ്റുമാരുടെ ഉദ്യോഗക്കയറ്റം – ഉത്തരവാകുന്നു.

***പരാമർശം:–*** *1*/12/2007 ലെ ഇതേ നമ്പർ ഉത്തരവ്

<u>***ഉത്തരവ് നമ്പർ ഇ10 – 1000/07 തീയതി: 21.06.2008***</u>

കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി എം.ഹുസൈബയെ (സീനിയോറിറ്റി നമ്പർ.10) 01.01.2008 പ്രാബല്യത്തിൽ 8390–13270 രൂപ ശമ്പളസ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി ഉദ്യോഗക്കയറ്റം നൽകി നിലവിൽ ടിയാൾ ജോലി ചെയ്യുന്ന ആഫീസിൽ തന്നെ നിയമിച്ച് ഉത്തരവാകുന്നു.

കൊല്ലം ജില്ലാപഞ്ചായത്താഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ കെ.സുഗതനെ (സീനിയോറിറ്റി നമ്പർ.11) 01.03.2008 പ്രാബല്യത്തിൽ 8390–13270 രൂപ ശമ്പളസ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി ഉദ്യോഗക്കയറ്റം നൽകി നിലവിൽ ടിയാൾ ജോലി ചെയ്യുന്ന ആഫീസിൽ തന്നെ നിയമിച്ച് ഉത്തരവാകുന്നു.

എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസിലെ യു.ഡി. ടൈപ്പിസ്റ്റ് ശ്രീമതി വൽസമ്മ ദേവസ്യയെ (സീനിയോറിറ്റി നമ്പർ.10) 01.01.2008 പ്രാബല്യത്തിൽ 7990–12930 രൂപ ശമ്പളസ്കെയിലിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി ഉദ്യോഗക്കയറ്റം നൽകി നിലവിൽ ടിയാൾ ജോലി ചെയ്യുന്ന ആഫീസിൽ തന്നെ നിയമിച്ച് ഉത്തരവാകുന്നു.

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ യു.ഡി. ടൈപ്പിസ്റ്റ് ശ്രീമതി കെ.കെ.സുഷമയെ (സീനിയോറിറ്റി നമ്പർ.11) 01.03.2008 പ്രാബല്യത്തിൽ 7990–12930 രൂപ ശമ്പളസ്കെയിലിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി ഉദ്യോഗക്കയറ്റം നൽകി നിലവിൽ ടിയാൾ ജോലി ചെയ്യുന്ന ആഫീസിൽ തന്നെ നിയമിച്ച് ഉത്തരവാകുന്നു.

തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ എൽ.ഡി. ടൈപ്പിസ്റ്റ് ശ്രീ ഡി.മനോജിനെ (സീനിയോറിറ്റി നമ്പർ.20) 01.01.2008 പ്രാബല്യത്തിൽ 6680–10790 രൂപ ശമ്പളസ്കെയിലിൽ യു.ഡി. ടൈപ്പിസ്റ്റായി ഉദ്യോഗക്കയറ്റം നൽകി നിലവിൽ ടിയാൾ ജോലി ചെയ്യുന്ന ആഫീസിൽ തന്നെ നിയമിച്ച് ഉത്തരവാകുന്നു.

മേൽ ജീവനക്കാരെ ഉദ്യോഗക്കയറ്റം നൽകി നിയമിച്ച ആഫീസുകളിലെ ടൈപ്പിസ്റ്റ് തസ്തികകൾ ഉദ്യോഗക്കയറ്റം നൽകി നിയമിച്ച തസ്തികളാക്കി മാറ്റിയിരിക്കുന്നു.

ടിയാളുകൾ 25/3/2006 ലെ ജി.ഒ (പി) 145/2006/ഫിൻ ഉത്തരവിലെ ഖണ്ഡിക 49 പ്രകാരമുള്ള ഓപ്ഷൻ ഒരു മാസത്തിനകം ആഫീസ് മേധാവി മുമ്പാകെ നൽകേണ്ടതാണ്.

ബന്ധപ്പെട്ട ആഫീസ് മേധാവികൾ മേൽഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതും ടിയാളുകൾ ജോലിയിൽ പ്രവേശിച്ച വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

*(ഒപ്പ്)*
***ഡോ. വി.എം. ഗോപാല മേനോൻ ഐ.എ.എസ്.***
***പഞ്ചായത്ത് ഡയറക്ടർ***

പകർപ്പ്:

വ്യക്തിക്ക് (ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കൊല്ലം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം/എറണാകുളം
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കൊല്ലം/എറണാകുളം
കരുതൽ ഫയൽ/അധികം

***ആജ്ഞാനുസരണം***

***സൂപ്രണ്ട്***